# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 701 27/04/2017-ൽ മറുപടിയ്ക്ക്

## മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഹരിതകേരളം പദ്ധതിയുടെ കീഴിൽ വൃക്ഷതൈകൾ ഉൽപാദിപ്പിച്ച് എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ, സ്കൂളിൽ ഒരു ഔഷധതോട്ടം, കുട്ടിവനം, നക്ഷത്രവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ളാന്റിംഗ് എന്നീ പദ്ധതികളിലൂടെ അവ വിതരണം ചെയ്യുകയും വച്ചുപിടിപ്പിക്കുകയും ചെയ്തുവരുന്നു. |
| (ബി) വഴിയോരത്തണൽ പദ്ധതി പ്രകാരം 2016-17 കാലയളവിൽ എത്ര തുക അനുവദിച്ചു ആയതിൽ എത്ര തുക ചെലവഴിച്ചു പ്രസ്തുത പദ്ധതി പ്രകാരം എവിടെയെല്ലാം മരങ്ങൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്;വിശദാംശം ലഭ്യമാക്കുമോ; | (ബി) 2016-17 കാലയളവിൽ ഹരിതകേരളം (VIII-ാം ഘട്ടം) പദ്ധതിയിൽ ഉൾപ്പെടുത്തി "2406-01-800-55-01-എക്സ്റ്റൻഷൻ ഫോറസ്ട്രി" ബഡ്ജറ്റ് ശീർഷകത്തിൽ സർക്കാർ അംഗീകൃത കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുന്നതിനായി **വഴിയോരത്തണൽ പദ്ധതിയിൽ** 15,55,877/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>വഴിയോരത്തണൽ പദ്ധതി പ്രകാരം തൈകൾ വച്ച് പിടിപ്പിച്ച സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ തുറവൂർ ചെങ്ങറ റോഡ് സൈഡ്, കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കുറവച്ചൂർ മറ്റം റോഡ്, വട്ടമൂട് ബ്രിഡ്ജ്.<br>2) കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കാവിൽ തീക്കുനി റോഡ് - റീച്ച് 1,2, തണ്ണീർ പന്തൽ - വരിക്കോളി റോഡ്, തണ്ണീർ പന്തൽ - കടമേരി റോഡ്, കോക്കല്ലൂൽ - പുത്തൂർവട്ടം റോഡ്, വാര്യക്കോട് - രാമല്ലൂർ റോഡ്, |

പരപ്പൻപൊയിൽ - ഇരങ്ങാപുഴ റോഡ്, ചിറ്റാരിപ്പിലാക്കൽ - കൈതാട്ടിമുക്ക് റോഡ്.

3) കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കൊല്ലാട - കമ്പല്ലൂർ, നല്ലോംപുഴ - അരിയിരുത്തി റോഡ്.

4) മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ഉറങ്ങാട്ടിരി ബ്രിഡ്ജ് എടരിക്കടവ് റോഡ്, മന്നപ്പാടം മെയിൻ റോഡ്, മോടുപൊയ്ക - പുളിക്കലങ്ങാടി റോഡ്, രണ്ടാംപാടം റോഡ്, വഴിക്കടവ്-പാലോട് റോഡ്, നരിപ്പലമുണ്ട് -പാലാട് റോഡ്, നരേക്കാവ് - താനിക്കടവ് റോഡ്, മഞ്ചക്കോട് - മണ്ണാച്ചീനി റോഡ്,

നരേക്കാവ് - വള്ളിക്കാവ്, കുരുടിപുഴ - ചെക്ക് ഡാം, മാമങ്ങര - നെല്ലിക്കുന്ന്, സ്കൂൾ കുന്ന് റോഡ്, വെള്ളിമുട്ടം - ഞെട്ടികുളം, പനങ്ങയം - പുലപ്പാടം, പൂട്ടോളി - കീഴുപറമ്പ്, കീഴുപറമ്പ് - പഴംപറമ്പ്, കീഴുപറമ്പ്-കുനിയിൽ, ചേരൂർ - അഞ്ചാനമ്പലം, ചേരൂർ -കുന്നമ്പുറം, പൂക്കിപറമ്പ്-ഉഴൂർ, എടവണ്ണ - പാലപറ്റ, എടവണ്ണ - പന്നിപ്പാറ അരീക്കോട് റോഡ്, കരുളായി - കാരപ്പുറം, കന്നമംഗലം - വില്ലേജ്ഓഫീസ് റോഡ്, പൂട്ടുളി - കീഴുപറമ്പ്, ഊരകം-മേൽമുറി, എം.ഇ.എസ് - കുറ്റിപ്പുറം.

5) ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ അടിമാലി - വാളറ, വെള്ളത്തൂവൽ - ആനച്ചാൽ, കൊന്നത്തടി - പണിക്കൻകുടി, തൊടുപുഴ - അറക്കുളം, തൊടുപുഴ - മണക്കാട്, കോടിക്കുളം - പരിയാരം, തൊടുപുഴ- ഉടുമ്പന്നൂർ, കാളിയാർ - വെസ്റ്റ് കോടിക്കുളം.

6) പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ വടക്കഞ്ചേരി - പുതുക്കോട്, എരട്ടോട് - തുപ്പംകോട്, തൃത്താല - പലിഞ്ഞാറങ്ങാടി, കോട്ടോപ്പാടം -

അലനെല്ലൂർ, ഓങ്ങല്ലൂർ - കാരക്കാട്, മംഗലാംകുന്ന് - കടമ്പൂർ, മുണ്ടൂർ - കൂട്ടുപാത എഴക്കാട്, കണ്ണനൂർ - ചുങ്കമന്ദം.

7) തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കാതികുടം - കടുകുറ്റി, ഇരിങ്ങാലക്കുട ബൈപ്പാസ് റോഡ്, മടത്തുംപടി - ഇറാനികുളം, കൊടകര - പുതുകാവ് - പേരാമ്പ്ര, പോട്ട - ഉറുമ്പുകുന്ന്, ആനാപ്പുഴ - കൊടുങ്ങല്ലൂർ, പോട്ട - പനമ്പിള്ളി, തിരുമുകുളം - കു ണ്ടൂർ, ചെന്തുരുത്തി - കൊസേരുകുന്ന്, കൊറ്റനെല്ലൂർ- കോമ്പാറ, കണ്ണോത്ത് - പുല്ലഴി, വെങ്കിടങ്ങ് - കണ്ണോത്ത്, പാങ്ങ് - പെരിങ്ങാട്.

(സി) വിവിധ ആവശ്യങ്ങൾക്കായി മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ പകരം മരങ്ങൾ വയ്ക്കണമെന്ന് നിഷ്കർഷിക്കാറുണ്ടോ; എങ്കിൽ ആയത് പാലിച്ചിട്ടുണ്ടോ എന്നും പകരം വച്ച മരങ്ങൾ പരിപാലിക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിന് സംവിധാനം നിലവിൽ ഉണ്ടോ;

(സി) G.O(Rt) No.68/2010 F&WLD dated 10-02-2010, G.O (Rt) No. 172/2010 F&WLD dated 21-04-2010 എന്നിവ പ്രകാരം വിവിധ വികസന ആവശ്യങ്ങൾക്കായി മരങ്ങൾ മുറിക്കാൻ ട്രീകമ്മിറ്റി അനുമതി നല്കുമ്പോൾ മുറിക്കപ്പെട്ട മരത്തിന്റെ എണ്ണത്തിന്റെ പത്തിരട്ടി മരങ്ങൾ വച്ചുപിടിപ്പിക്കണമെന്ന് നിഷ്കർഷിക്കാറു ണ്ട്.. ഈ നിബന്ധനപാലിക്കുന്നു ണ്ടോ എന്ന് നിരീക്ഷണം നടത്തിവരുന്നുണ്ട്..

(ഡി) കഴക്കൂട്ടം കോവളം ബൈപ്പാസ് വീതി കൂട്ടലിന്റെ ഭാഗമായി മുറിച്ചുമാറ്റപ്പെട്ട മരങ്ങൾക്ക് പകരമായി മരങ്ങൾ വെച്ച് പിടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ഡി) കഴക്കൂട്ടം - കോവളം റോഡിൽ നിന്നിരുന്നതും മുറിച്ചു മാറ്റപ്പെട്ടതുമായ മരങ്ങൾക്ക് പകരം കഴക്കൂട്ടം സൈനിക സ്കൂളിൽ 32,000 എണ്ണവും ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ 1,500 എണ്ണവും മരത്തൈകൾ വച്ച് പിടിപ്പിച്ച് പരിപാലിച്ചു പോരുന്നുണ്ട്.

സെക്ഷൻ ഓഫീസർ